**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 446** **30-01-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്രം വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള വായ്പ പരിധിയിൽ എത്ര കുറവ് വരുത്തിയെന്നും അത് പരിഹരിക്കുന്നതിനായി എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ പ്രേത്യേക ഉദേശ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ കേന്ദ്രസർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 16,000/- കോടിയോളം രൂപ ഈയിനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ച നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കടമെടുപ്പിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാക്കുന്നതിന് ഇടവരുത്തുകയും ചെയ്യും. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിച്ചും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് മുടക്കം വരുത്താതെയുമുള്ള ദ്വിമുഖ തന്ത്രമാണ് സർക്കാർ കൈകൊള്ളുന്നത്. |
| (ബി) | നെല്ല് സംഭരണത്തിനുള്ള കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; മറ്റ് ഏതെല്ലാം മേഖലകളിലാണ് കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | നെല്ല് സംഭരണത്തിനുള്ള കേന്ദ്ര വിഹിതയിനത്തിൽ 2023-24 സീസണിൽ ഏപ്രിൽ 2023 മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ 731.2 കോടി രൂപ ക്ലെയിം ചെയ്തതിൽ 388.81 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി തുകയായ 342.39 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ഇനിയും ലഭിക്കുവാനുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ പി.എച്ച്.എച്ച് കാറ്റഗറിയിൽ 82,202.19 മെട്രിക് ടൺ അരിയുടെ വിതരണം Mapper |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടുമായി വ്യത്യാസപ്പെട്ടതുമൂലം 276.64 കോടി രൂപയും പൊതു വിതരണ സംവിധാനത്തിലൂടെ ടൈഡ് ഓവർ കാറ്റഗറിയിൽ 8.30 രൂപ/ കിലോ ഗ്രാം പകരം 10.90 രൂപയ്ക്ക് വിതരണം ചെയ്തു എന്നതിനാൽ ഈ ഇനത്തിൽ 21.17 കോടി രൂപയും തടഞ്ഞുവച്ചിട്ടുണ്ട്. ഇതുൾപ്പെടെ 2017-18 മുതൽ സമർപ്പിച്ചിട്ടുള്ള ക്ലെയിമുകളിൽ നെല്ല് സംഭരണ ഇനത്തിൽ 1266.14 കോടി രൂപ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്.<br><br>ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിച്ചത് മൂലം സംസ്ഥാനത്തിന് ഒരു വർഷത്തിൽ ശരാശരി 8500 മുതൽ 12000 കോടിയോളം രൂപ നഷ്ടമാകും. ഫൈനൽ അക്കൗണ്ട് CAG സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്കാണ് ജി.എസ്.ടി. കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. ഇതിനു വേണ്ടി അക്കൗണ്ടന്റ് ജനറൽ ഓഫീസ് ആവശ്യപ്പെട്ടിട്ടുള്ള 2017-18 ജൂലായ് മുതൽ 2022-23 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നൽകിയിട്ടുണ്ട്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ അന്തിമ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഫീസ്, കേന്ദ്ര ധനകാര്യമന്ത്രാലയത്തിന് കൈമാറിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.<br><br>15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഗ്രാൻഡുകളായ SDRF, SDMF, Local Body Grand എന്നീ ഇനത്തിൽ യഥാക്രമം 138.8, 69.4, 1920.58 കോടി രൂപ വീതം ഇനി ലഭ്യമാകാനുണ്ട്. UGC Grand ഇനത്തിൽ 750 കോടി രൂപ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി ചില പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. ഇതേ വിഷയമുയർത്തി മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായപദ്ധതിക്കും കേന്ദ്രം സഹായം ലഭ്യമായിട്ടില്ല. ഏകദേശം 3000 കോടി രൂപയുടെ പലിശരഹിത വായ്പാസഹായമാണ് ഇക്കാരണത്താൽ സംസ്ഥാനത്തിന് നഷ്ടമാകുന്നത്. |
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ജി.എസ്.ടി ഉൾപ്പെടെ വിവിധയിനങ്ങളിലായി ലഭിക്കേണ്ട കുടിശ്ശികയുടെ വിശദാംശം തരംതിരിച്ച് വ്യക്തമാക്കുമോ? | (സി) | നെല്ല് സംഭരണത്തിനുള്ള കേന്ദ്ര വിഹിതയിനത്തിൽ 2023-24 സീസണിൽ ഏപ്രിൽ 2023 മുതൽ സെപ്തംബർ വരെയുള്ള കാലയളവിൽ 731.2 കോടി രൂപ ക്ലെയിം ചെയ്തതിൽ 388.81 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി തുകയായ |

342.39 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ഇനിയും ലഭിക്കുവാനുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ പി.എച്ച്.എച്ച് കാറ്റഗറിയിൽ 82,202.19 മെട്രിക് ടൺ അരിയുടെ വിതരണം Mapper റിപ്പോർട്ടുമായി വ്യത്യാസപ്പെട്ടതുമൂലം 276.64 കോടി രൂപയും പൊതു വിതരണ സംവിധാനത്തിലൂടെ ടൈഡ് ഓവർ കാറ്റഗറിയിൽ 8.30 രൂപ/ കിലോ ഗ്രാം പകരം 10.90 രൂപയ്ക്ക് വിതരണം ചെയ്തു എന്നതിനാൽ ഈ ഇനത്തിൽ 21.17 കോടി രൂപയും തടഞ്ഞുവച്ചിട്ടുണ്ട്. ഇതുൾപ്പെടെ 2017-18 മുതൽ സമർപ്പിച്ചിട്ടുള്ള ക്ലെയിമുകളിൽ നെല്ല് സംഭരണ ഇനത്തിൽ 1266.14 കോടി രൂപ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്.

ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിച്ചത് മൂലം സംസ്ഥാനത്തിന് ഒരു വർഷത്തിൽ ശരാശരി 8500 മുതൽ 12000 കോടിയോളം രൂപ നഷ്ടമാകും. ഫൈനൽ അക്കൗണ്ട് CAG സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്കാണ് ജി.എസ്.ടി. കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. ഇതിനു വേണ്ടി അക്കൗണ്ടന്റ് ജനറൽ ഓഫീസ് ആവശ്യപ്പെട്ടിട്ടുള്ള 2017-18 ജൂലായ് മുതൽ 2022-23 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് നൽകിയിട്ടുണ്ട്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ അന്തിമ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഫീസ്, കേന്ദ്ര ധനകാര്യമന്ത്രാലയത്തിന് കൈമാറിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഗ്രാൻഡുകളായ SDRF, SDMF, Local Body Grand എന്നീ ഇനത്തിൽ യഥാക്രമം 138.8, 69.4, 1920.58 കോടി രൂപ വീതം ഇനി ലഭ്യമാകാനുണ്ട്. UGC Grand ഇനത്തിൽ 750 കോടി രൂപ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി ചില പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. ഇതേ വിഷയമുയർത്തി മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായപദ്ധതിക്കും കേന്ദ്രം സഹായം ലഭ്യമായിട്ടില്ല. ഏകദേശം 3000 കോടി രൂപയുടെ പലിശരഹിത വായ്പാസഹായമാണ് ഇക്കാരണത്താൽ സംസ്ഥാനത്തിന് നഷ്ടമാകുന്നത്.

സെക്ഷൻ ഓഫീസർ